പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1179. — 13.06.2013 ൽ മറുപടിക്ക്

**റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബാബു.എം. പാലിശ്ശേരി: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) | റേഷനരിയും ഗോതമ്പും വൻ തോതിൽ കരിഞ്ചന്തയിൽ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | റേഷനരിയും ഗോതമ്പും കരിഞ്ചന്തയിൽ പോകുന്നതായി ചുരുക്കം ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; |
| (ബി) | ഉണ്ടെങ്കിൽ പൊതു ജനങ്ങൾ നൽകിയ രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ എത്ര ക്വിന്റൽ റേഷനരിയും ഗോതമ്പും പോലീസ് പിടിച്ചെടുത്ത് സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറിയിട്ടുണ്ട്; | (ബി) | 2012-13 കാലയളവിൽ 3921.73 ക്വിന്റൽ അരിയും, 338.88 ക്വിന്റൽ ഗോതമ്പും സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. |
| (സി) | വൻകിട റേഷൻ കരിഞ്ചന്ത നടത്തുന്നവർക്കെതിരെ സ്വീകരിച്ച ശിക്ഷാ നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | റേഷൻ കരിഞ്ചന്ത നടത്തുന്നവർക്കെതിരെ അവശ്യസാധന നിയമം, കേരള റേഷനിംഗ് ഓർഡർ എന്നിവ പ്രകാരം നടപടി സ്വീകരിയ്ക്കുന്നു. പിടിച്ചെടുത്ത റേഷൻ സാധനങ്ങൾ പൊതു വിതരണ ശൃംഖല വഴി വിറ്റഴിക്കുകയും ടി തുക ഖജനാവിൽ അടയ്ക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നു. ക്രമക്കേടുകൾ കണ്ടെത്തുന്ന ഡിപ്പോകൾ താല്ക്കാലികമായോ സ്ഥിരമായോ റദ്ദ് ചെയ്യുന്നു. കൂടാതെ കുറ്റക്കാർക്കെതിരെ അറസ്റ്റ്, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ